Roll No.

# INDIAN SCHOOL SALALAH

## FIRST TERM EXAMINATION – SEPTEMBER 2026

## MALAYALAM (012)

**Class :X** **DATE: 16/09/2026**

**Time : 3 Hours** **Maximum Marks: 80**

---

## നിർദേശങ്ങൾ

**(i)** ചോദ്യപേപ്പറിൽ അച്ചടിച്ച 13 പുറങ്ങളുണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.

**(II)** ചോദ്യപേപ്പറിൽ 8 ചോദ്യങ്ങൾ ഉണ്ടെന്ന് ദയവു ചെയ്ത് ഉറപ്പുവരുത്തുക.

**(iii)** ഉത്തരം എഴുതുന്നതിനു മുമ്പായി ഉത്തരക്കടലാസ്സിൽ തന്നിട്ടുള്ള ഇടങ്ങളിൽ ചോദ്യത്തിന്റെ ക്രമനമ്പർ എഴുതുക.

**(iv)** ചോദ്യപേപ്പർ വായിക്കാൻ 15 മിനിട്ടാണ് അനുവദിച്ചിട്ടുള്ളത്.വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ വായിച്ചുനോക്കാനുള്ള സമയമാണ്. ഈ സമയം ഉത്തരക്കടലാസ്സിൽ ഒരു ഉത്തരവും എഴുതാൻ ശ്രമിക്കരുത്.

**(v)** ഈ ചോദ്യപേപ്പറിൽ ആകെ 8 ചോദ്യങ്ങളുണ്ട്.

**(vi)** എ വിഭാഗത്തിൽ : 2 ചോദ്യങ്ങൾ - ചോദ്യനമ്പർ 1 മുതൽ 2 വരെ.

**(vii)** ബി വിഭാഗത്തിൽ : 1 ചോദ്യം - ചോദ്യനമ്പർ 3.

**(viii)** സി വിഭാഗത്തിൽ : 2 ചോദ്യങ്ങൾ - ചോദ്യനമ്പർ 4 മുതൽ 5 വരെ.

**(ix)** ഡി വിഭാഗത്തിൽ : 3 ചോദ്യങ്ങൾ - ചോദ്യനമ്പർ 6 മുതൽ 8 വരെ.

**(x)** പരീക്ഷാർത്ഥി ചോദ്യപേപ്പറിന്റെ വലത് മുകൾ ഭാഗത്ത് കൊടുത്തിരിക്കുന്ന സ്ഥലത്ത് റോൾ നമ്പർ എഴുതേണ്ടതാണ്

## എ - വിഭാഗം / SECTION A

**1.തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള 8 ചോദ്യങ്ങൾക്കും ഉത്തരം എഴുതുക. (ഓരോന്നിനും ഒരു മാർക്ക് വീതം) ( 8 × 1 = 8)**

ജീവന്റെ ഉല്പത്തി ജലത്തിൽ നിന്നാണ്; സംസ്കാരങ്ങളുടെയും. കൃഷിയാവശ്യങ്ങൾക്കായി മനുഷ്യർ ജലസ്രോതസ്സുകളിൽ കൂട്ടായ്മകൾ തീർത്തപ്പോൾ മനുഷ്യസംസ്കാരങ്ങളും രൂപം കൊണ്ടു. 'അഗ്രികൾച്ചറിൽ' നിന്നാണ് 'കൾച്ചർ' രൂപപ്പെട്ടത് എന്നതാണ് പച്ചപ്പരമാർത്ഥം. പുഴകൾ അവയുടെ പ്രവാഹങ്ങളിൽ ഫലഭൂയിഷ്ഠമായ മണ്ണ് നദീതീരങ്ങളിലേക്ക് എത്തിച്ചപ്പോൾ, അവിടെ കൃഷി ചെയ്യുന്നതിനും, അത് കൂട്ടായ്മകൾ രൂപീകരിക്കുന്നതിനും തദ്വാര സാംസ്കാരികസവിശേഷതയുള്ള ജനതയായി പരിണമിക്കുന്നതിനും കാരണമായിത്തീർന്നു. മനുഷ്യൻ ചെമ്പും വെളുത്തീയവും കൂട്ടിച്ചേർത്ത്, കൂടുതൽ ഉറപ്പുള്ള വെങ്കലം കൊണ്ട് നിർമ്മിച്ച കൃഷിയായുധങ്ങൾ മെച്ചപ്പെടുത്തി എടുത്ത കാലഘട്ടമായിരുന്നതിനാലാണ്, നദീതടസംസ്കാരങ്ങളെ വെങ്കലയുഗസംസ്കാരം എന്ന് വിളിക്കുന്നത്. കൃഷിയായുധങ്ങളുടെ കണ്ടുപിടിത്തവും ജലസേചന സൗകര്യങ്ങളുടെ ഉപയോഗപ്പെടുത്തലും മൂലം വെങ്കലയുഗത്തിൽ കൃഷിക്കും കച്ചവടത്തിനും ഏറെ പ്രാധാന്യം വന്നു. സാധനങ്ങൾക്ക് പകരം സാധനങ്ങൾ കൈമാറുന്ന ബാർട്ടർ സമ്പ്രദായം, ക്രമേണ പണത്തിന്റെ ഉപയോഗത്തിലേക്ക് പ്രവേശിച്ചതും ഈ യുഗത്തിലാണ്. ആശയവിനിമയം വളരെ എളുപ്പത്തിലാക്കുന്ന ലിപികളുടെ കണ്ടുപിടിത്തവും എഴുത്തുവിദ്യയും വെങ്കലയുഗസംസ്കാരങ്ങളുടെ പൊതു പ്രത്യേകതയായി ഗണിക്കപ്പെടുന്നു. ലിപി സമ്പ്രദായം നിലവിൽ വന്നതോടെ മനുഷ്യാനുഭവങ്ങൾ ലിഖിത രൂപത്തിൽ സൂക്ഷിച്ചുവയ്ക്കാൻ തുടങ്ങി. അതോടെ ചരിത്രാതീതകാലത്തു നിന്ന് ചരിത്രകാലത്തിലേക്കുള്ള പ്രയാണം ദൃശ്യമായിത്തുടങ്ങി മെസപ്പൊട്ടേമിയക്കാർ ക്യൂണിഫോം ലിപിയും ഈജിപ്തുകാർ

ഹൈറോഗ്ലിഫിക്സ് ലിപിയും രൂപപ്പെടുത്തിയത് ഈകാലഘട്ടത്തിലാണ്. ഹാരപ്പൻ ജനതയും ചൈനക്കാരും ചിത്രരൂപത്തിലുള്ള ലിപികളാണ് ഉപയോഗിച്ചിരുന്നത്. ഒരുപാട് കണ്ടുപിടിത്തങ്ങളുടെ കാലം കൂടിയായിരുന്നു വെങ്കലയുഗം. ദശാംശ സമ്പ്രദായവും സൗരപഞ്ചാംഗവും ഈജിപ്തുകാർ വികസിപ്പിച്ചപ്പോൾ, ലോകത്തിൽ ആദ്യമായി മട്ടത്രികോണ സമ്പ്രദായം ആവിഷ്കരിച്ചത് മെസപ്പൊട്ടേമിയക്കാരാണ്. ഒരു ദിവസത്തെ ഇരുപത്തിനാല് മണിക്കൂറായി കണക്കാക്കിയുള്ള ചാന്ദ്രപഞ്ചാംഗവും മൊസപ്പൊട്ടേമിയക്കാരുടെ തന്നെ കണ്ടുപിടിത്തമാണ്. ഇങ്ങനെ മനുഷ്യസംസ്കാരത്തെ രൂപപ്പെടുത്തിയ, പുരോഗതിയിലേക്ക് നയിച്ച സുദീർഘമായ സുവർണ്ണ കാലഘട്ടമായി; സംസ്കാരങ്ങളുടെ കളിത്തൊട്ടിലായി വെങ്കലയുഗത്തെ ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു.

**ചോദ്യങ്ങൾ :**

(i) വെങ്കല യുഗത്തെ ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നത് എങ്ങനെ ?

(ii) നദീതട സംസ്കാരങ്ങളെ വെങ്കലയുഗസംസ്കാരം എന്ന് വിളിക്കുന്നത് എന്തുകൊണ്ട് ?

(iii) എന്താണ് ബാർട്ടർ സമ്പ്രദായം ?

(iv) ചരിത്രാതീത കാലത്തു നിന്ന് ചരിത്രകാലത്തിലേക്കുള്ള പ്രയാണം ആരംഭിച്ചതിന് കാരണമായി പറയുന്നത് എന്താണ് ?

(v) ലോകത്തിൽ ആദ്യമായി മട്ടത്രികോണ സമ്പ്രദായം ആവിഷ്കരിച്ചത് ആര് ?

(vi) മനുഷ്യസംസ്കാരങ്ങൾ രൂപം കൊണ്ടത് എങ്ങനെ ?

(vii) വെങ്കല യുഗത്തിൽ കൃഷിക്കും കച്ചവടത്തിനും ഏറെ പ്രാധാന്യം വന്നത് എങ്ങനെ ?

(viii) ഹൈറോഗ്ലിഫിക്സ് ലിപി രൂപപ്പെടുത്തിയത് ആരാണ് ?

**2. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള 7 ചോദ്യങ്ങൾക്കും ഉത്തരം എഴുതുക (ഓരോന്നിനും ഒരു മാർക്ക് വീതം) (7 × 1=7)**

ലോകം നേരിടുന്ന ഏറ്റവും വലിയ ഭീഷണികളിൽ ഒന്നാണ് വായുമലിനീകരണം. ഓരോ വർഷവും ലക്ഷക്കണക്കിന് ആളുകൾക്കാണ് അന്തരീക്ഷത്തിലെയും മറ്റും മലിനവായു ശ്വസിച്ച് ജീവൻ നഷ്ടമാകുന്നത് എന്നത് നമ്മുടെ ഉറക്കം കെടുത്തുന്ന യാഥാർത്ഥ്യമാണ്. ആസ്ത്മ മുതൽ ശ്വാസകോശാർബുദത്തിന് വരെ വായു മലിനീകരണം കാരണമാകുന്നുണ്ട് എന്നത് നിസ്തർക്കമായ വസ്തുതയാണ്. മനുഷ്യായുസ്സിനെ പ്രതികൂലമായി ബാധിക്കുന്നതിനൊപ്പം തന്നെ, രാജ്യങ്ങൾക്ക് ഉയർന്ന സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്ന പ്രശ്നം കൂടിയാണ് എന്നതിനാൽ, വായു മലിനീകരണം അന്താരാഷ്ട്ര തലത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ഒരു ആഗോളപ്രശ്നമായി ഗണിക്കപ്പെടുന്നു. മൊത്തം ആഭ്യന്തര ഉത്പാദനവളർച്ചയുടെ ആറു ശതമാനമാണ് മലിനീകരണപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഇന്ത്യ ചെലവഴിക്കുന്നത് എന്ന വസ്തുത, ഇന്ത്യയിലെ അന്തരീക്ഷ മലിനീകരണത്തിന്റെ തോത് എത്രത്തോളം ഭീകരമാണെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. പരിസ്ഥിതിക്കും നമ്മുടെ ആരോഗ്യത്തിനും കനത്ത ആഘാതം ഉണ്ടാക്കുന്ന വായുമലിനീകരണത്തിന്റെ തോത് കുറയ്ക്കാൻ, ലോകരാജ്യങ്ങൾ സ്വീകരിച്ചുവരുന്ന നടപടികൾ അപര്യാപ്തമാണെന്ന് യു. എൻ. ഒ യുടെ 'എൻവയോൺമെന്റൽ പ്രോഗ്രാം' പ്രസിദ്ധീകരിച്ച റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നുണ്ട്. വായുമലിനീകരണത്തിന്റെ തോത് കുറയ്ക്കാനുള്ള മാർഗരേഖകൾ വളരെക്കുറച്ചു രാജ്യങ്ങൾ മാത്രമേ പ്രാവർത്തികമാക്കിയിട്ടുള്ളൂ എന്ന വസ്തുത, ലോകാരോഗ്യ സംഘടനയെ വലിയ പ്രതിസന്ധിഘട്ടത്തിൽ എത്തിച്ചിട്ടുണ്ട്. വായു മലിനീകരണത്തിന്റെ കാര്യത്തിൽ ഇന്ത്യയും ഒട്ടനവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ലോകാരോഗ്യ സംഘടന തയ്യാറാക്കിയ പട്ടികയിൽ ഏറ്റവും മലിനമായ വായുവുള്ള പത്ത് നഗരങ്ങളിൽ തലസ്ഥാനനഗരിയായ ഡൽഹിയും ഉൾപ്പെടുന്നുണ്ട്. ശ്വാസകോശരോഗങ്ങളാൽ ആയുസ്സ് എത്താതെ ഒടുങ്ങുന്ന ഒരു ജനതയുടെ ശവപ്പറമ്പായി മാറും ഇന്ത്യ എന്ന മുന്നറിയിപ്പാണ് അന്താരാഷ്ട്ര മെഡിക്കൽ ജേണൽ ആയ 'ദ ലാൻസെറ്റ് പ്ലാനറ്ററി ഹെൽത്ത്' നൽകുന്നത്. അനുദിനം മാലിന്യം കത്തിക്കുന്നതും ഫോസിൽ ഇന്ധനങ്ങളുടെ പുകയും നിർമ്മാണപ്രവർത്തനങ്ങളിലെ പൊടിപടലങ്ങളും വാഹനങ്ങൾ പുറന്തള്ളുന്ന

പുകയുമാണ് ഇന്ത്യയിലെ വായുമലിനീകരണത്തിന് കാരണമായിത്തീരുന്നത് എന്ന് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. ശുദ്ധമായ ഇന്ധനം ഉറപ്പുവരുത്തുന്നതിലൂടെയും നഗരത്തിൽ കൂടുതൽ പച്ചപ്പ് പ്രോത്സാഹിപ്പിക്കുന്നതിലൂടെയും വ്യവസായശാലകളിലെ മാരകരാസപദാർത്ഥങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിലൂടെയും സാമൂഹ്യവനവൽക്കരണത്തിലൂടെയും ഭാരതത്തിലെ വായുമലിനീകരണം നിയന്ത്രണവിധേയമാക്കാൻ സാധിക്കും.

**ചോദ്യങ്ങൾ :**

(i) 'ദ ലാൻഡ്സെറ്റ് പ്ലാനറ്ററി ഹെൽത്ത്' നൽകുന്ന മുന്നറിയിപ്പ് എന്താണ് ?

(ii) എന്താണ് നമ്മുടെ ഉറക്കം കെടുത്തുന്ന യാഥാർത്ഥ്യം ?

(iii) വായു മലിനീകരണം അന്താരാഷ്ട്ര തലത്തിൽ പ്രാധാന്യമർഹിക്കുന്ന ഒരു ആഗോള പ്രശ്നമായി ഗണിക്കപ്പെടുന്നതിന് കാരണമെന്ത് ?

(iv) ലോക ആരോഗ്യ സംഘടനയെ വലിയ പ്രതിസന്ധിഘട്ടത്തിൽ എത്തിച്ച വസ്തുത എന്താണ് ?

(v) ഇന്ത്യയിലെ വായുമലിനീകരണത്തിന്റെ കാരണങ്ങൾ എന്തൊക്കെയാണ് ?

(vi) യു.എൻ.ഒ. യുടെ 'എൻവയൺമെന്റൽ പ്രോഗ്രാമിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പറയുന്ന കാര്യം എന്ത് ?

(vii) ഖണ്ഡികയ്ക്ക് ചേരുന്ന ഒരു ശീർഷകം എഴുതുക.

## *ബി - വിഭാഗം* / SECTION – B

**3.** (a) താഴെക്കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെപ്പറ്റി ഒന്നര

പുറത്തിൽ കവിയാതെ ഉപന്യസിക്കുക **5**

**പ്രകൃതിദുരന്തങ്ങൾ- പ്രകൃതിയുടെ പ്രതികാരങ്ങൾ**

**അല്ലെങ്കിൽ**

**നവമാധ്യമങ്ങൾ വിദ്യാർത്ഥികളിൽ ചെലുത്തുന്ന സ്വാധീനം**

(b) നിങ്ങളുടെ വിദ്യാലയ പരിസരത്ത് അപകടാവസ്ഥയിൽ സ്ഥിതിചെയ്യുന്ന മരം മുറിച്ചു മാറ്റണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് പ്രസിഡണ്ടിന് **കത്ത് എഴുതുക** 5

(c) മണ്ണിടിച്ചിലിൽ അകപ്പെട്ട 'അനൂപ്' എന്ന കുട്ടിയെ അവസരോചിതമായി രക്ഷപ്പെടുത്തിയ നിങ്ങളുടെ നാട്ടുകാരനെ അഭിനന്ദിച്ചുകൊണ്ടു നടത്തിയ യോഗത്തിന്റെ **പത്രവാർത്ത തയ്യാറാക്കുക**? 4

## സി - വിഭാഗം / SECTION – C

4. (a) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക ( 2 × 1=2 )

(i) പണത്തിന്റെയും ആഡംബരത്തിന്റെയും ലോകത്ത് ജീവിച്ച നായരുടെ നിഗൂഢമായ യാത്രയെക്കുറിച്ച് വീണ്ടും നാം ഓരോരുത്തരും പുനർചിന്തിക്കേണ്ടതുണ്ട്.

(ii) മൂന്ന് വശവും പുഴയാൽ ചുറ്റപ്പെട്ട ആ മനോഹരമായ ദ്വീപിനെക്കുറിച്ച് നരേന്ദ്രന്റെ അമ്മ ഉഷാകുമാരി പലവട്ടം ആവർത്തിച്ചു മകനോട് വിവരിക്കാറുണ്ടായിരുന്നു.

(b) പ്രയോഗം മാറ്റുക ( 2 × 1=2 )

(i) കേരളത്തിലെ മണപ്പുറം എന്ന മനോഹരമായ ഗ്രാമത്തിൽ ഗൂർഖ വാച്ച്മാനായി ജോലി നോക്കിയിരുന്ന നരേന്ദ്രൻ ഒടുവിൽ തന്റെ അച്ഛനെ കണ്ടെത്തി.

(ii) സ്വപ്നഭവനത്തിൽ മക്കളോടും മരുമക്കളോടും ശേഷിച്ച കാലം

സന്തോഷത്തോടെ ജീവിക്കാൻ അയാളാൽ ആഗ്രഹിക്കപ്പെട്ടു

(c) അംഗവാക്യം - അംഗിവാക്യം എന്നിവ വേർതിരിച്ച് എഴുതുക ( 2 × 1=2 )

(i) മഴയില്ലാതെ തടാകങ്ങളും പുഴകളും വറ്റിപ്പോയി കൊണ്ടിരിക്കുന്ന നമ്മുടെ മണ്ണിന്റെ മക്കൾ റെയിൻ റെയിൻ ഗോ എവേ എന്നു പാടുമോ

(ii) വീട് വയ്ക്കുന്ന ആളെക്കുറിച്ച് പറയുമ്പോൾ ആർക്കും അദ്ദേഹത്തെക്കുറിച്ച് അധികം ഒന്നും അറിയുമായിരുന്നില്ല.

(d) ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ

പ്രയോഗിക്കുക ( 2 × 1=2 )

(i) കഠോരമായി (ii) സംസ്കാര ശൂന്യത (iii) ആധിപത്യം

**5. താഴെ തന്നിരിക്കുന്ന ഏഴ് ചോദ്യങ്ങളുടെ ശരിയുത്തരം തെരഞ്ഞെടുത്ത്**

**എഴുതുക. ( ഓരോന്നിനും ഒരു മാർക്ക് വീതം) ( 7×1=7 )**

(i)' ശിഖരം ' എന്ന പദത്തിന്റെ പര്യായപദം അല്ലാത്തപദം ഏതാണ് ?

(A) ശാഖ (B) കൊമ്പ് (C) കൃപാണം (D) അഗ്രം

(ii) 'ധാര – ധര' എന്നീ വാക്കുകളുടെ ശരിയായ അർത്ഥവ്യത്യാസം

തന്നിരിക്കുന്നവയിൽ ഏതാണ് ?

(A) ദേശം -സ്വർഗ്ഗം (B) ഒഴുക്ക് - ഭൂമി (C) തുണി – ഭൂമി (D) വസ്ത്രം - കാലം

(iii) 'തെക്കോട്ടൊഴുകി' എന്ന പദത്തിന്റെ ശരിയായ പിരിച്ചെഴുത്ത് എന്ത് ?

(A) തെക്കേ + ഒഴുകി (B) തെക്കോട്ട് + ഒഴുകി

(C) തെക്കോട്ട് + ഓഴുകി (D) തെക്ക് + ഒഴുകി

(iv) ‘ചിത്രം’ എന്ന പദത്തിന്റെ നാനാർത്ഥങ്ങളിൽ ഉൾപ്പെടാത്തത് ഏത്? (A) പടം B) മനോഹരം (C) അത്ഭുതം (D) അരിക്

(v) ‘സമനിരപ്പ്’ എന്ന പദം ശരിയായ രീതിയിൽ വിഗ്രഹിക്കുന്നതെങ്ങനെ?

(A) സമത്തിന്റെ നിരപ്പ് (B) സമത്താൽ നിരപ്പ് (C) സമമായ നിരപ്പ്
(D) സമത്തോടുകൂടിയ നിരപ്പ്

(vi) 'ആദി' എന്ന പദത്തിന്റെ വിപരീത പദം എന്ത് ?

(A) അന്തം (B) അവസാനം (C) അന്തി (D) ഒടുവിൽ

(vii) ‘ചിന്തകൻ’ എന്ന വാക്കിന്റെ എതിർലിംഗം ഏത് ?

(A) ചിന്തകി (B) ചിന്തന (C) ചിന്തഗ (D)ചിന്തക

## ഡി - വിഭാഗം / SECTION – D

**6. തന്നിരിക്കുന്ന ഒൻപത് ചോദ്യങ്ങളുടെ ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക ( ഓരോന്നിനും ഒരു മാർക്ക് വീതം) ( ഓരോന്നിലും രണ്ട് ഉപചോദ്യങ്ങൾ ഉണ്ട്) ( 9 ×2 = 18 )**

**(a)**'നെഞ്ചം തെളിഞ്ഞു കുറുക്കിക്കൊഴുത്ത പാൽ
പഞ്ചതാരപ്പൊടി കൂട്ടിക്കുഴമ്പാക്കി'-

**i)** ‘നെഞ്ചം തെളിഞ്ഞ്’’- എന്ന് കവി വർണ്ണിക്കുമ്പോൾ തെളിയുന്ന ഭാവം ഏത്?

A. പ്രതികാരം B. വാൽസല്യം C. ദേഷ്യം D. ശോകം

**ii)** എഴുത്തച്ഛന്റെ വിശേഷണം അല്ലാത്തതേത്?

A. ആധുനിക മലയാളഭാഷയുടെ പിതാവ്

B. കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്

C. തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്

D. പ്രാചീന കവിത്രയത്തിൽ ഉൾപ്പെട്ട കവി

**(b)** "ഒട്ടേറെ സ്ഥലങ്ങളിൽ ജോലി ചെയ്തു. എവിടെയും ഇതുവരെ ഉറച്ചുനിൽക്കാൻ സാധിച്ചിട്ടില്ല

**i)** ആരെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്?

A. അമ്മയെ B. നരേന്ദ്രനെ C. ബുദ്ധനെ D. പിതാവിനെ

**ii)** എന്തുകൊണ്ടാണ് ഉറച്ചുനില്ക്കാൻ കഴിയാത്തത്?

A. നഷ്ടബോധം B. വേദന C. അന്വേഷണത്വര D. വെള്ളപ്പൊക്കം

**(c)** 'ഇപ്പോൾ ഞാൻ അനേകരാണ് ഈ മലങ്കര ഏഴ് വൻകരയുമാണ്.'

**i)** മലങ്കര എന്ന ദേശം ഏഴ് വൻകരയാകുന്നു എന്നതുകൊണ്ട് സൂചിപ്പിക്കുന്നത് എന്ത് ?

A. മലങ്കരയിലെ ജനങ്ങൾ ലോകത്തിന്റെ പല ഭാഗങ്ങളിൽ ഉണ്ട്,

B. മലങ്കര ലോകപ്രസിദ്ധമാണ്,

C. ഡിജിറ്റൽ കാലത്ത് ദേശാതിർത്തികൾ മാഞ്ഞ് പോകുന്നു

D. മലങ്കരയിലേക്ക് ലോകത്തിന്റെ പല ഭാഗത്തുള്ളവർ വരുന്നു

**ii)** ഏത് കവിതാസമാഹാരത്തിൽ നിന്ന് എടുത്ത കവിതയാണ് ബത്തേരിയിൽ നിന്ന് മങ്കരയിൽ ?

A.കലംകാരി B.കാണെക്കാണെ C.രണ്ടായിമുറിച്ചത് D. കാറ്റേ കടലേ

**(d)** "നരേന്ദ്രന്റെ പൊള്ളുന്ന മനസ്സിന്റെ ഉള്ളറയിൽ തെല്ലുനേരം സാന്ത്വനത്തിന്റെ കുളിർകാറ്റ് വീശിയോ"

**i)** ഈ വാക്കുകളിൽ പ്രകടമാകുന്ന ഭാവമെന്ത്?

A. അസ്വസ്ഥത B. വിരസത C. സന്തോഷം D. ഭയം

ii) സാന്ത്വനത്തിന്റെ കുളിർക്കാറ്റായി മാറിയതെന്ത്?

A. അച്ഛന്റെ ദേശത്തേക്കുള്ള യാത്ര B. ബുദ്ധമത സന്യാസിമാരുടെ വാക്കുകൾ C. അമ്മയുടെ സാമീപ്യം D. പ്രകൃതി

**(e)** പരീക്ഷ കഴിഞ്ഞു വേനലവധി ആരംഭിച്ചു. ഞാനും അവളും പച്ചക്കറി വാങ്ങാനായി പുറപ്പെട്ടു. അതിന് മുമ്പ് ഞങ്ങൾ ഒരു കരാറിലെത്തിയിരുന്നു.

i) എന്തായിരുന്നു കരാർ?

A. പച്ചക്കറി പണം കൊടുത്തു വാങ്ങാം B. പച്ചക്കറിയുടെ വിലപേശി നിശ്ചയിക്കണം C. അച്ഛൻ പണം കൊടുത്തു വാങ്ങണം D. വാങ്ങിയ പച്ചക്കറി കഴിക്കണം

ii) എവിടെയാണ് പച്ചക്കറിക്കട?

A. തമിഴ്നാട്ടിൽ B. മഹാബലിപുരത്ത് C. കേരളത്തിൽ D. കർണാടക

**(f)** 'ദ്രോണരാമാചാര്യൻ താനിരിക്കെയെന്തു

മാനിച്ചു മറ്റുള്ളോർ നിർത്തുന്നിതു പട?'

i) ദുര്യോധനൻ കർണ്ണനോട് സേനാപതിയാകാൻ അഭ്യർത്ഥിച്ചത് ആരുടെ പതനത്തിനുശേഷമാണ്?

A.ദ്രോണരുടെ B.ഭീഷ്മരുടെ C.ഭീമന്റെ D.ശകുനിയുടെ

ii) കർണ്ണനെ സേനാപതിയാക്കാൻ ദുര്യോധനൻ തീരുമാനിച്ചത് എന്തിനെയാണ് സൂചിപ്പിക്കുന്നത്?

A.ശകുനിയുടെ നിർബന്ധത്തിന് വഴങ്ങിയതുകൊണ്ട്

B.പാണ്ഡവരെ തോൽപ്പിക്കാൻ കർണ്ണന്റെ കരുത്തിൽ ദുര്യോധനൻ വിശ്വസിച്ചിരുന്നു

C.മറ്റു യോദ്ധാക്കൾ ആരും തന്നെ കൗരവപക്ഷത്ത് ബാക്കി ഇല്ലാത്തതുകൊണ്ട്

D.കർണ്ണനോടുള്ള വ്യക്തിപരമായ സ്നേഹം മാത്രം

**(g)** 'കവിത അവസാനിക്കുന്നത് "നിങ്ങൾ എത്ര ജീബി?"എന്ന ചോദ്യത്തോടെയാണ്'.

**i)** ഈ ചോദ്യം ഉയർത്തുന്ന പ്രധാന വിമർശനം എന്താണ്?

A. എടുത്ത ചിത്രത്തിന്റെ വലിപ്പം കമന്റർമാരോട് ചോദിക്കുന്നു

B.പ്രകൃതിയെ സംരക്ഷിക്കുവാനുള്ള സാങ്കേതികവിദ്യ

C. പ്രകൃതിയെയും മനുഷ്യരേയും ഡിജിറ്റൽ ലോകത്തെ അളവുകോൽ.

D. മലകളും മരങ്ങളും കുറുമരും കുറിച്യരും തമ്മിലുള്ള ബന്ധം

**ii)** ഈ വരികളിൽ തെളിയുന്ന ഭാവമെന്ത്?

A. സ്നേഹം B. വൈരാഗ്യം C. ദയ D. വിമർശനം

**(h)** "മുറുകിയ ഒരു കമ്പി ആരോ പതുക്കെ മീട്ടുന്നതുപോലെ ഞാൻ മൂളുന്നുണ്ടായിരുന്നു"

**i)** ആരുടെ കവിതയാണ് ലേഖകൻ മൂളിയത്?

A. കുമാരനാശാന്റെ B. ഉള്ളൂരിന്റെ C. വള്ളത്തോളിന്റെ D.എഴുത്തച്ഛന്റെ

**ii)** പുസ്തകമുണ്ടായിരുന്നെങ്കിലും ഞാനത് വായിക്കുന്നുണ്ടായിരുന്നില്ല എന്നു ലേഖകൻ പറഞ്ഞത് എന്തുകൊണ്ട്?

A. കവിത മനഃപ്പാഠമായതിനാൽ B. കവിത ഇഷ്ടമായതിനാൽ

C. കവിത മറന്നുപോയതിനാൽ D. കവിതയിൽ ഇഴുകിച്ചേരാൻ **PTO**

**(i)** മനുഷ്യൻ ഏത് ഭാഷയാണോ സംസാരിക്കുന്നത് ആ നാടിന്റെ ആളായി മാറും എന്ന സത്യം അവർക്ക് നന്നായി അറിയാമായിരുന്നു.

**i)** ആരെക്കുറിച്ചാണ് ലേഖകന്റെ അഭിപ്രായം?

A.മലയാളികളെക്കുറിച്ച് B. ബ്രിട്ടീഷുകാരെക്കുറിച്ച് C. തമിഴരെക്കുറിച്ച്

D. കന്നഡക്കാരെക്കുറിച്ച്

**ii)** കേവലം വ്യാപാരത്തിന് വേണ്ടി ഭാഷ പഠിക്കുന്ന നാം കളഞ്ഞുകുളിക്കുന്നതെന്തിനെ ?

A. നമ്മുടെ ജീവിതം B. നമ്മുടെ ഭാഷ C. നമ്മുടെ അസ്തിത്വം D. ഇവയൊന്നുമല്ല

**7. തന്നിരിക്കുന്നവയിൽ ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക**

**( 3 ×3 = 9 )**

**a)** " എൻറെ മാതൃഭാഷ കന്നഡയാണ് . അതു പഠിക്കുകതന്നെ വേണമോ എന്ന ചോദ്യം എൻറെ ജീവിതത്തിൽ വന്നതേയില്ല . മുട്ടുകാലിൽ നടക്കുന്നതുപോലെ സ്വാഭാവികമായി , സരളമായി ഞാനതു പഠിച്ചു." "എൻറെ മാതൃഭാഷ നല്ലവണ്ണം പഠിച്ചതുകൊണ്ടുതന്നെയാണ് മറ്റുഭാഷകൾ വളരെയെളുപ്പം പഠിക്കാൻ കഴിഞ്ഞത്." - ലേഖകൻറെ ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? പ്രതികരിക്കുക .

**b)** “എന്നാൽ പിന്നെ അടിവേരുതന്നെ വെട്ടിയിടാമായിരുന്നില്ലേ?” “നിങ്ങളൊരു രാക്ഷസനാണോ എന്ന് ഞാൻ മനസ്സുകൊണ്ട് അപ്പോൾ ചോദിച്ചുപോയി”കഥാകാരൻ ഇപ്രകാരം ചോദിക്കാനിടയായ സാഹചര്യം എന്ത് ?

**c)** സോഫ്റ്റ് വെയർ കമ്പനിയിലെ ചെറുപ്പക്കാരോട് സംസാരിച്ചപ്പോൾ ലേഖകന് ചിരിയും കോപവും ഉണ്ടാകാൻ കാരണമെന്ത് ?

**d)** “ഒട്ടേറെ സ്ഥലങ്ങളിൽ ജോലി ചെയ്തു. എവിടെയും ഇതുവരെ ഉറച്ചു നിൽക്കാൻ സാധിച്ചിട്ടില്ല” . നരേന്ദ്രൻറെ മനസ്സിൽ സംഘർഷമുണ്ടാവാനുള്ള കാരണങ്ങൾ എന്തെല്ലാം ?

**8. തന്നിരിക്കുന്നവയിൽ ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക**

**a)** ആദരാലെങ്കിലും കോരി വിളമ്പിയാൽ **( 3 ×3 = 9 )**

സ്വാദില്ലയെന്നു വരുമിനി നിർണ്ണയം - കല്യാണസൗഗന്ധികം (കുഞ്ചൻ നമ്പ്യാർ)

"ചൊല്ലുന്നതുണ്ടു കനക്കെച്ചുരുക്കി ഞാൻ” എഴുത്തച്ഛൻ -മുകളിൽ നൽകിയ കവിവചനങ്ങൾ ഭാഷയുടെ ഏതെല്ലാം സവിശേഷതകളാണ് വ്യക്തമാക്കുന്നത്? കാവ്യഭാഗങ്ങൾ വിശദമാക്കി കുറിപ്പ് തയ്യാറാക്കുക. ?

**b)** “മനയോല തേച്ചു മുഖം കാട്ടി

ചുട്ടിക്കു മലർന്നുകിടക്കയല്ലേ

മലനാട്ടുമണ്ണ്!”കേരളത്തിന്റെ ഭൂപ്രകൃതിയെയും സംസ്കാരത്തെയും സമുന്വയിപ്പിച്ചത് എത്രമാത്രം ആകർഷകമായിട്ടുണ്ട്? വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. ?

**c)** "കർണ്ണസുഖം ഞാൻ പറകയില്ലാരോടും". കർണ്ണൻറെ ഈ നിലപാട് വർത്തമാനകാല സമൂഹത്തിൽ എത്രമാത്രം പ്രസക്തമാണ് ?

**d)** പരിസ്ഥിതിസ്നേഹം പ്രകടനപരതയായി മാറുന്നതിനോടുള്ള പ്രതിഷേധം ഏതെല്ലാം തലങ്ങളിലാണ് ‘ബത്തേരിയിൽ നിന്ന് മലങ്കരയിൽ എന്നകവിതയിൽ ആവിഷ്കരിക്കുന്നത്. വിശകലനം ചെയ്ത് ആസ്വാദനം തയ്യാറാക്കുക ?